രജിസ്റ്റർ ചെയ്ത സ്ത്രീ പീഡനക്കേസുകൾ

42 (331) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിലെ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടുവെന്നറിയിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ക്രിമിനൽ കേസുകൾ പിൻവലിക്കുന്നതിനുള്ള മാനദണ്ഡം

43 (332) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി. നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ക്രിമിനൽ കേസുകളിൽ എത്രയെണ്ണമാണ് പിൻവലിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) ക്രിമിനൽ കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കേസുകൾ പിൻവലിക്കുന്നതുമൂലം കുറ്റകൃത്യങ്ങൾ വർദ്ധിക്കാനിടയാകുന്ന സാഹചര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(ഡി) വകുപ്പ് അധികാരികളുടെ വീഴ്ചയാജിപ്പ് ഉണ്ടായിട്ടും ക്രിമിനൽ കേസുകൾ പിൻവലിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ: വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വനിതാ പ്രിസൈഡിംഗ് ഓഫീസറെ കയ്യേറ്റം ചെയ്ത സംഭവം

44 T(333) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്ന വനിതാ പ്രിസൈഡിംഗ് ഓഫീസറെ കൈയേറ്റം ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly